## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2827** **17/10/2016-ൽ മറുപടിക്ക്**

### ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ-ആയുർവേദ-സിദ്ധ ഹോസ്പിറ്റലുകൾ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചിറ്റൂർ നിയോജക മണ്ഡലത്തിലെ കൊഴിഞ്ഞാമ്പാറ കേന്ദ്രീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്ന ഹോമിയോ-ആയുർവേദ ഹോസ്പിറ്റലുകൾ ആരംഭിക്കുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പ്രസ്തുത വിഭാഗങ്ങളുടെ ജില്ലാ അധികാരികൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ആയുർവേദ, ഹോമിയോ, സിദ്ധ ഹോസ്പിറ്റലുകൾ ദേശീയ ആരോഗ്യമിഷന്റെ കീഴിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്ത് അധികാരികൾ ഒരുക്കിയാൽ പരിശോധിക്കുന്നതാണ്. |
| (സി) | മേൽ പദ്ധതികൾ ആരംഭിക്കുവാൻ എന്തൊക്കെ സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിലുള്ളത്; | (സി) | നിലവിൽ പദ്ധതികൾ ഇല്ല. |
| (ഡി) | പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ, ആയുർവേദം, തമിഴ് ന്യൂനപക്ഷങ്ങൾ ഏറ്റവും അധികം ആശ്രയിക്കുന്ന സിദ്ധ എന്നീ ഹോസ്പിറ്റലുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെ എന്ന് | (ഡി) | പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജക മണ്ഡലത്തിൽ (ഗവൺമെന്റ് ആയുർവേദ ഡിസ്‌പെൻസറികൾ/ എൻ.ആർ.എച്ച്.എം. താത്കാലിക ആയുർവേദ ഡിസ്‌പെൻസറികൾ) എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിച്ച് വരുന്നു. ചിറ്റൂർ നിയോജക മണ്ഡലത്തിൽ ഹോമിയോ സ്ഥാപനങ്ങൾ (എൻ.എച്ച്.എം. അടക്കം) |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; ഹോമിയോ, ആയുർവേദം, സിദ്ധ ഹോസ്പിറ്റലുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ തുടങ്ങാൻ എന്തൊക്കെ നടപടിക്രമങ്ങളാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ? | | ഇല്ലാത്ത പഞ്ചായത്തുകൾ - പട്ടഞ്ചേരി, പെരുമാട്ടി, വടകരപ്പതി എന്നിവയാണ്. പുതുതായി ആയുർവേദ/ ഹോമിയോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ (വെള്ളം, വെളിച്ചം, ശൗചാലയം എന്നിവ) ഒരുക്കിതരാമെന്ന പഞ്ചായത്ത് തീരുമാനം/ പ്രമേയം അത്യന്താപേക്ഷിതമാണ്. ആയത് ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കുമ്പോൾ വകുപ്പ് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ